# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 18 — 23.01.2018 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, ജോൺ ഫെർണാണ്ടസ്<br>,, മുരളി പെരുനെല്ലി<br>,, എസ്.രാജേന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) മുൻഗണനാ റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടിക പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7,42,278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 5,67,009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് ഇരട്ടിപ്പുള്ള അപേക്ഷകളും നേർക്കാഴ്ചയ്ക്ക് ഹാജരാകാത്ത വയുമാണ്.<br>അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ തീവ്ര പരിശ്രമത്തിന്റെ ഭാഗമായി സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ 91,169 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. വകുപ്പ് നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ രേഖകളുടേയും അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 2,62,675 അനർഹരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അനർഹരെ കണ്ടെത്തുന്ന പ്രക്രിയ തുടർന്നു വരികയാണ്. 2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |

| | |
|---|---|
| (ബി) പുതിയ റേഷൻ കാർഡുകൾക്കായുള്ള അപേക്ഷകൾ വീണ്ടും സ്വീകരിക്കുന്നത് ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ഉടൻ പുനരാരംഭിക്കുന്നതാണ്. |
| (സി) വിവിധ ചികിത്സാ ധനസഹായങ്ങൾ, ആരോഗ്യ ഇൻഷുറൻസ്, പാചകവാതക കണക്ഷൻ, ക്ഷേമ പെൻഷനുകൾ, സ്കോളർഷിപ്പുകൾ മുതലായവയ്ക്ക് റേഷൻ കാർഡുകൾ നിർബന്ധമായതിനാൽ പുതിയ കാർഡുകൾ അനുവദിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ